# THE BIBLE TRUTH

**Editor**
**P.K. VARGHESE**

ooo

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

Vol. 41 MARCH 2024 No. 3

## എഡിറ്റോറിയൽ

സത്യത്തെ ആളുകൾ എങ്ങനെയാണ് കാണുന്നത്. ഭോഷ്ക്ക് ലോകത്തിൽ നിറഞ്ഞിരിക്കുകയാണ്. സത്യത്തെ ആളുകൾ പ്രാധാന്യത്തോടെ കാണായ്കയാൽ അവർക്ക് എളുപ്പത്തിൽ ലഭ്യമാകുന്നതും കാര്യസാദ്ധ്യവുമായതിൽ ശ്രദ്ധ ചെലുത്തുന്നു. ദൈവത്തിന്റെ വായിൽ നിന്നും പുറപ്പെട്ടതാണ് സത്യം. ദൈവം ഒരിക്കലും ഭോഷ്ക്ക് പറയുന്നില്ല. അതുകൊണ്ട് നമുക്ക് പൂർണ്ണമായും ആശ്രയിക്കാം. പക്ഷെ ദൈവം ആത്മാവാകയാൽ മാനുഷ കണ്ണുകളാൽ നമുക്ക് അവനെ കാണുവാൻ കഴിയുകയില്ല. എന്നാൽ വിശ്വാസക്കണ്ണാൽ നമുക്ക് അവനെ കാണാം എന്ന് ഓർത്തുകൊള്ളുക. ദൈവ സാദൃശത്തിൽ സൃഷ്ടിക്കപ്പെട്ട അവന്റെ സന്താനങ്ങളാണ് ഭൂമിയിൽ കാണപ്പെടുന്നവരെല്ലാം.

അനേകം പുത്രന്മാരെ തേജസിലേക്ക് നടത്തുക എന്നതാണ് ദൈവത്തിന്റെ ഉദ്ദേശം. അത് എല്ലാവരും തിരിച്ചറിയണം. എങ്കിലേ നാം അപ്രകാരം ജീവിക്കുകയുള്ളു. ദൈവം വെളിപ്പെടുത്തിയിരിക്കുന്ന സത്യമായ വചനമാണ് നമ്മെ തിരിച്ചറിവിനു പ്രാപ്തമാക്കുന്നത്. ഈ ജീവിതത്തിന് അപ്പുറമായി മറ്റൊരു ജീവിതം നമുക്കായി ദൈവം ഒരുക്കിയിരിക്കുകയാണ്. ദൈവത്തോടുകൂടെയാള്ള വാസം ഇപ്പോൾ യേശുക്രിസ്തു മുഖാന്തരം തയ്യാറാക്കിയിരിക്കുന്നു. ദൈവം നിത്യവാനാണ്. ആകയാൽ ആത്മിയമായി നമുക്ക് നിത്യമായി വസിപ്പാൻ സ്വർഗം ലഭ്യമാണ്. അത് സാധ്യമാക്കിയത് കർത്താവാണ്. പാപം ചെയ്തു ദൈവതേജസ് നഷ്ടമാക്കിയ മനുഷ്യരെ പാപ

ത്തിൽനിന്നു വീണ്ടെടുത്ത് ശുദ്ധീകരിച്ച് വിശുദ്ധരും നിഷ്ക്കളങ്കരുമായി നിർത്തുന്നതാണ് ദൈവ പദ്ധതി.

ദൈവിക പരിജ്ഞാനത്താൽ ദൈവത്തെ അറിഞ്ഞ് അവന്റെ ഹിതം മനസിലാക്കി വേണം മനുഷ്യർ ജീവിക്കുവാൻ. ഇതിനു വിപരീതമായി ജീവിച്ചാൽ ദൈവകോപം നേരിടും. ദൈവം പരിശുദ്ധനും നീതിമാനുമാണ്. പാപത്തെ വെറുക്കുന്ന ദൈവം മനുഷ്യരെ സ്നേഹിക്കുകയും ചെയ്യും. ആ സ്നേഹമാണ് ദൈവപുത്രനെ നമുക്ക് വേണ്ടി മരിപ്പാൻ അയച്ചത്. അവന്റെ പുത്രനായ ക്രിസ്തു തന്റെ ജീവനും രക്തവും നമുക്കായി നൽകി. നമ്മുടെ പാപം എത്ര കടുഞ്ചുവപ്പ് ആയിരുന്നാലും അതിനെ ഹിമം പോലെ വെളുപ്പിക്കാമെന്നാണ് ദൈവത്തിന്റെ വാഗ്ദാനം. മനുഷ്യരുടെ ഉള്ളിലാണ് പാപം നിറഞ്ഞിരിക്കുന്നത്. അവ നീക്കം ചെയ്ത് നമ്മെ ക്രിസ്തുവിന്റെ രക്തം വെടിപ്പുള്ളതാക്കി മാറ്റുന്നു.

ആത്മരക്ഷ സൗജന്യമാണ്, അനർഹമായ ഒരു ഉപകാരം ദൈവത്തിൽനിന്നു ലഭിക്കുന്നു. ആ കൃപയോട് നാം എങ്ങനെ പ്രതികരിക്കുന്നു എന്നതാണ് മുഖ്യമായ കാര്യം. ഒന്നാം നൂറ്റാണ്ടിൽ നിരവധി പേർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ട് വിശ്വസിച്ച് പരിവർത്തനം ചെയ്യപ്പെട്ടു. അപ്പൊസ്തല പ്രവൃത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്നവർ ദൈവ സന്ദേശത്തോട് പ്രതികരിച്ചവരും തന്മൂലം സന്തോഷം ആസ്വദിച്ചവരുമായിരുന്നു. അനുഗ്രഹ വഴി എന്നു പറയുന്നത് ദൈവത്തിന്റെ വഴി മാത്രമാണ്. ക്രിസ്തുവിന്റെ മടങ്ങി വരവ് വരെ പുതിയനിയമ കാലയളവാണ്. സർവ്വ മനുഷ്യർക്കുമായി ദൈവം മുന്നിട്ടിറങ്ങി പ്രവർത്തിച്ച പ്രവർത്തനത്തിന്റെ ഫലം അനുഭവിക്കുവാൻ നമ്മുടെ ഭാഗത്തുനിന്നു നാം ചെയ്യേണ്ട കാര്യങ്ങൾ ചെയ്താൽ ദൈവത്തിൽനിന്നു ലഭിക്കേണ്ടതു ലഭിക്കും.

നിങ്ങൾ കർത്താവിന്റെ കൽപനകൾ അനുസരിക്കുവാൻ തയ്യാറാണോ? എങ്കിൽ ഇന്നു തന്നെ അതിനായി പരിശ്രമിക്കുക. നിങ്ങളുടെ അടുത്തുള്ള കർത്താവിന്റെ സഭയുമായി ബന്ധപ്പെടുക. മനുഷ്യരുടെ ഉപദേശം പഠിപ്പിക്കുന്ന വിഭാഗങ്ങളിൽ നിന്നു ദൈവരക്ഷ ലഭിക്കുകയില്ല. മാനുഷ കൽപനകളായ ഉപദേശങ്ങളെ പഠിപ്പിക്കുന്നവരുടെ ആരാധന പോലും ദൈവം സ്വീകരിക്കയില്ല. അതുകൊണ്ട് പ്രിയരെ കർത്താവിന്റെ വചനപ്രകാരമുള്ള വിശ്വാസവും അനുസരണവും നിങ്ങളിൽ ഉറപ്പ് വരുത്തുക.

ഇതു ദൈവത്തിന്റെ പദ്ധതിയാണ്. മനുഷ്യരുടെ രക്ഷക്കായി ബൈബിളിൽ പറഞ്ഞിരിക്കുന്ന പദ്ധതിയാണ് അനുസരിക്കേണ്ടത്. എല്ലാവരും ദൈവത്തെ ആദരിക്കുന്നതു പോലെ ഈ പദ്ധതിയേയും ആദരിക്കണം. അതിനു പകരം മനുഷ്യരുടെ പദ്ധതി മതി എന്നു വെക്കരുത്. നാം അതു അനുസരിക്കയും മറ്റുള്ളവരോടു ഈ പദ്ധതി അറിയിക്കയും വേണം. വചനത്തിൽ ദൈവത്തിന്റേതായ മറ്റൊരു രക്ഷാമാർഗ്ഗമില്ല. ദൈവം മനുഷ്യർക്കു നടപ്പാക്കിയ ഈ രക്ഷാ പദ്ധതിക്കു തന്റെ ഏക ജാതനായ പുത്രനെ തന്നെ ഏൽപ്പിച്ചു കൊടുത്തു. ദൈവ പുത്രനായ ക്രിസ്തു ക്രൂശിൽ മരിച്ചതു മനുഷ്യരുടെ രക്ഷക്കായിരുന്നു. ഇതിൽ കുടുതലായി ദൈവത്തോടു ആർക്കെങ്കിലും ചോദിക്കാൻ കഴിയുമോ? ദൈവം അരുളിച്ചെയ്ത വചനത്തോട് കൂട്ടു ചേർക്കുകയോ അതിൽനിന്ന് എന്തെങ്കിലും മാറ്റുകയോ ചെയ്യരുത്. അങ്ങനെ ചെയ്താൽ ശിക്ഷാർഹരാകും. ഈ മുന്നറിയിപ്പ് കാര്യമാക്കാതെ ജീവിക്കയും പഠിപ്പിക്കയും ചെയ്യുന്നവർക്ക് ശിക്ഷാവിധി വരാതിരിക്കയില്ല എന്നു വചനം തീർത്തു പറഞ്ഞിരിക്കുന്നു.. ആകയാൽ പ്രിയരേ ദൈവകൽപനകൾ അനുസരിക്കുക.

★

# ആരാണ് പെന്തകോസ്തുകാരൻ?

### J.C. ചോട്ട്

**അ**പരിചിതമായ ലോകത്തിലാണ് നാം ജീവിക്കുന്നതു. ക്രിസ്തുവിൽ വിശ്വസിക്കുന്ന ധാരാളം പേർ അവരെത്തന്നെ പെന്തകൊസ്തുകാർ എന്നു വിളിച്ചു വരുന്നു. പക്ഷേ ബൈബിളിൽ ഒരിടത്തും പെന്തെകൊസ്തുകാർ എന്നു ആരെയും വിവഭജിച്ചിട്ടില്ല. എത്ര പ്രാവശ്യം ബൈബിൾ വായിച്ച് നോക്കിയാലും അതു കാണാൻ സാദ്ധ്യമല്ല. ഇതു അത്ര ഗൗരവമായി എടുക്കണോ എന്നു സംശയിക്കുന്നവർ കണ്ടേക്കാം.

അബദ്ധവശാൽ ഈ ആളുകൾ യഹൂദ പെരുന്നാൾ ദിവസത്തെ എടുത്തിരിക്കയാണ്. പെന്തെകൊസ് എന്നു വിളിച്ചിരുന്ന ആ പെരുന്നാൾ ദിനത്തിലായിരുന്നു കർത്താവിന്റെ സഭ സ്ഥാപിച്ച

# സൃഷ്ടികർത്താവിന്റെ തെളിവാണ് പ്രാണികളുടെ ജീവൻ

**ഹ്യൂഗോ മെക്കോർഡ്**

നമുക്ക് ചുറ്റും ഒന്നു കണ്ണോടിച്ചാൽ ചില യാഥാർത്ഥ്യങ്ങൾ നമുക്ക് ബോധ്യമാകും. ഈ ഭൂമിയിൽ യാതൊന്നും സ്വയമായി ഉളവാകുന്നില്ല. നമുക്ക് ചുറ്റും ധാരാളം പ്രാണികൾ ജീവിക്കുന്നു. അതിനെയെല്ലാം മനുഷ്യർ ഓരോ പേരിട്ടുവിളിക്കുന്നു. ചെറുതും വലുതുമായ പ്രാണികളും പക്ഷികളും നമ്മുടെ പ്രപഞ്ചത്തിൽ കഴിയുന്നു എന്ന യാഥാർത്ഥ്യം ആർക്കും നിഷേധിക്കുവാൻ കഴിയുകയില്ല. ചിലത് മുട്ടയിട്ട് ലാർവയായി പുറത്തുവന്ന് ജീവിക്കുന്നു മറ്റു ചിലത് പ്രസവിച്ച് പുതിയ ജീവികളെ ഉൽപ്പാദിപ്പിക്കുന്നു. പുനരുൽപ്പാദന ശേഷി നൽകിയാണ് ഓരോ ജീവിയെയും ദൈവം സൃഷ്ടിച്ചത്. മറ്റൊരു പ്രത്യേകത എന്തെന്നാൽ ഒരു ജീവിക്ക് വേറൊരു തരത്തിലുള്ള ജീവിയെ ഉൽപ്പാദിപ്പിക്കുവാൻ കഴിയുകയില്ല എന്നത് ശ്രദ്ധേയമാണ്. ഏതൊരു ശാസ്ത്രജ്ഞനും നിഷേധിക്കുവാൻ കഴിയാത്ത പരമാർത്ഥങ്ങൾ തെളിയിക്കുന്ന സത്യം എന്തെന്നാൽ ഏതൊന്നിന്റേയും പിന്നിൽ ഒരു നിർമ്മാതാവ് ഉണ്ട് എന്നതാണ്. മനുഷ്യന്റെ ഉത്ഭവത്തിന് പരിണാമ സിദ്ധാന്തം കൊടുത്ത് പ്രചരിപ്പിക്കുന്ന വസ്തുതക്ക് അടിസ്ഥാനപരമായ ഒരു തെളിവുമില്ല.

ഇന്ന് പിതൃത്വത്തെ സംബന്ധിച്ച് തർക്കമുണ്ടായാൽ ഡിഎൻഏ ടെസ്റ്റ് നടത്തി തെളിയിക്കുന്ന സമ്പ്രദായം നിലവിലുണ്ട്. സർവ്വ ജീവജാലങ്ങളും ദൈവത്തിന്റെ സൃഷ്ടിയാണ് എന്ന് സമ്മതിക്കാതെ നിർവ്വാഹമില്ല. കാരണം ഒരു മനുഷ്യനും അവയെ ഉൽപ്പാദിപ്പിക്കുന്നതിന് കഴിഞ്ഞിട്ടില്ല എന്നത് സത്യമാണ്. വെള്ളത്തിൽ ജീവിക്കുന്നവയും കരയിൽ ജീവിക്കുന്നവയും ആയ ജന്തുക്കളെ നമുക്ക് കാണുവാൻ കഴിയുന്നു. വെള്ളത്തിൽ ജീവിക്കുന്നവക്ക് എങ്ങനെ വെള്ളത്തിൽ തന്നെ ജീവിക്കുവാൻ കഴിയുന്നു എന്നും കരയിൽ ജീവിക്കുന്നവക്ക് എന്തുകൊണ്ട് വെള്ളത്തിൽ ജീവിക്കുവാൻ കഴിയുന്നില്ല എന്നും ചിന്തിക്കുക.

✶

